പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3334

21/12/2012-ൽ മറുപടിക്ക്

## നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി, (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരസഭാ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന ചുമതല സർക്കാർ ഏറ്റെടുക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; (ബി) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുമോ; ഈ വിഷയത്തിലുണ്ടായിരിക്കുന്ന തടസ്സങ്ങൾ വ്യക്തമാക്കുമോ ; | (എ) & (ബി) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 20/11/2012 ലെ സ.ഉ.(സാധ)നം.3200/12/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുസർവ്വീസ് എന്ന നയം അംഗീകരിച്ചിട്ടുണ്ടോ; വിശദീകരണം ലഭ്യമാക്കുമോ ; | (സി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 26/02/2011 ലെ. സ.ഉ.(കൈ) നം.61/2011/തസ്വഭവ. പ്രകാരം ഉത്തരവായിരുന്നു. |

തുടർച്ച......

| | |
|---|---|
| (ഡി) തിരുവനന്തപുരം നഗരസഭയിലെ എൽ.ഡി.സി/ബി.സി. ഒഴിവുകൾ എത്ര; ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കുമോ ? | (ഡി) തിരുവനന്തപുരം നഗരസഭയിൽ 24 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.